ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്.

(ബി) വിലക്കയറ്റം തടയുന്നതിനും സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്ക് ഒരു രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിനും സാധിച്ചു.

(സി) അർഹരായ ആദിവാസി കുടുംബങ്ങളേയും പ്രാചീന ഗോത്രവർഗ്ഗ കുടുംബങ്ങളേയും ഏറ്റവും ദരിദ്രരിൽ ദരിദ്രരായ വിഭാഗങ്ങളെയും എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡ് നൽകുന്നുണ്ട്. എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 35 കി.ഗ്രാം. അരി വീതം ഒരു രൂപ നിരക്കിൽ നൽകി വരുന്നു. ബി.പി.എൽ. വിഭാഗത്തിൽ 'ആശ്രയ' പദ്ധതിയിൽ അംഗമായിട്ടുള്ളവർ, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, വിധവകൾ, എയ്ഡ്സ് രോഗികൾ, ക്യാൻസർ രോഗികൾ, ഡയാലിസിസിന് വിധേയമായവർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരേയും ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്ന എല്ലാവരേയും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രതിമാസം 25 കിലോഗ്രാം അരി ഒരു രൂപ നിരക്കിൽ നൽകി വരുന്നു.

ഇ - ഡിസ്ട്രിക്ട് പദ്ധതി

14(*104) ശ്രീ. വി. ടി. ബൽറാം :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും, എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചുനൽകുന്നു.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും, സ്പെഷ്യൽ വില്ലേജ് ഓഫീസർമാർക്കും, തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ആവശ്യമായ സ്റ്റാഫിനെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും, അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

റവന്യൂ അദാലത്ത്

15(*105) ശ്രീ. വർക്കല കഹാർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ അദാലത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

* ഓൺറ്റ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly